ചന്ദനഫാക്ടറികളിലെ റെയ്ഡ്

108 [T1826] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ജനുവരി 31 വരെ സംസ്ഥാനത്ത് എത്ര ചന്ദന ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു എന്നും ഇവ ഏതൊക്കെയാണ് എന്നും വ്യക്തമാക്കാമോ ;

(ബി) 2004 ജനുവരി മുതൽ ഈ ഫാക്ടറികളിൽ ഓരോന്നിലും എത്ര തവണ റെയ്ഡ് നടന്നു എന്നും ഓരോ ഫാക്ടറികൾക്കും എതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേസുകളിൽ ഓരോന്നിലും എത്ര പ്രതികൾ വീതം ഉണ്ട് എന്നും ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2005 ജനുവരി 31 വരെ സംസ്ഥാനത്ത് 23 ചന്ദന ഫാക്ടറികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ പേര് ഉൾക്കൊള്ളിച്ചിരിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

ഏല കൃഷി

109 [T1827] പ്രൊഫ. എ. ഡി. മുസ്തഫ :
„ കെ. വി. തോമസ് :
ശ്രീ. വി. ജെ. പൗലോസ് :
„ എം. മുരളി :
„ പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഡമം ഹിൽ റിസർവിൽനിന്നും എത്ര ഹെക്ടർ ഭൂമി ഏലകൃഷിക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട് ;

(ബി) ഇതിൽ എത്ര ഹെക്ടർ ഭൂമി അനധികൃതമായി പാട്ടത്തിന് നൽകപ്പെട്ടതോ അനധികൃതമായി കൈവശം വയ്ക്കപ്പെടുന്നവയോ ആണ് എന്ന് വ്യക്തമാക്കുമോ ;

(സി) അനധികൃതമായി ഏലക്കാടുകൾ കൈവശം വച്ചുകൊണ്ടിരിക്കുന്നത് ഒഴിപ്പിക്കുവാനുദ്ദേശിക്കുന്നുണ്ടോ ?

† അനുബന്ധം-V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാർഡമം ഹിൽ റിസർവ് ഭൂമി റവന്യൂ വകുപ്പിന്റെ അധീനതയിലാണ്. അതിൽ ഉള്ള മരങ്ങൾക്കു മാത്രമേ വനം വകുപ്പിന് അവകാശമുള്ളൂ. ഏലകൃഷിക്ക് ഭൂമി പാട്ടത്തിനുനൽകുന്നത് റവന്യൂ വകുപ്പാണ്.

(ബി) വിവരം റവന്യൂ വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത ഭൂമി റവന്യൂ വകുപ്പിന്റെ അധീനതയിലായതിനാൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഏലക്കാടുകൾ ഒഴിപ്പിക്കുവാൻ റവന്യൂ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

വനസംരക്ഷണസേനയും മൃഗവേട്ടയും

110 [T1828] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര വന സംരക്ഷണസമിതികളാണ് പ്രവർത്തനം നടത്തുന്നത്; ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) വനംകൊള്ളയും മൃഗവേട്ടയും തടയുവാനും വനം സംരക്ഷിക്കുവാനും വന സംരക്ഷണസമിതികൾക്ക് എന്തൊക്കെ സഹായങ്ങളാണ് വനം വകുപ്പ് നൽകുന്നത് എന്ന് വിശദമാക്കാമോ ;

(സി) റാന്നി വനം ഡിവിഷനതിർത്തിയിൽ എത്ര വി. എസ്. എസ്. കളാണ് പ്രവർത്തിച്ചുവരുന്നത് ;

(ഡി) ഗൂഡ്രിക്കൽ റേഞ്ചിൽ കഴിഞ്ഞ 2 വർഷക്കാലത്തിനിടയിൽ നടന്നിട്ടുള്ള മൃഗവേട്ടകളുടേയും കൊല്ലപ്പെട്ട മൃഗങ്ങളുടേയും കണക്കുകൾ വിശദമാക്കാമോ ;

(ഇ) ഈ മേഖലയിലെ മൃഗവേട്ട തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ 326 വനസംരക്ഷണ സമിതികൾ ഇപ്പോൾ നിലവിലുണ്ട്. വനം വകുപ്പുമായി ചേർന്ന് പങ്കാളിത്ത രീതിയിൽ വനപരിപാലനം നടത്തുക എന്നുള്ളതാണ് വനസംരക്ഷണ സമിതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഓരോ വനസംരക്ഷണ സമിതിയുടെയും ധാരണാപത്രം ഒപ്പിട്ടു ഏൽപ്പിച്ചു കൊടുത്തിട്ടുള്ള വനപ്രദേശത്തിന്റെ സംരക്ഷണവും പരിപാലനവും അതാതുസമിതികളുടെ ചുമതലയാണ്. ഇതിനായി തയ്യാറാക്കി അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണ രേഖകൾ അനുസരിച്ച് സമിതികൾ പ്രവർത്തിക്കുന്നു. ആസൂത്രണരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ വാർഷിക കർമ്മ പരിപാടി അനുസരിച്ച് നടപ്പാക്കണം. ഇവയാണ് വനസംരക്ഷണ സമിതികളുടെ പ്രവർത്തനം.

LIBRARY ARCHIVES Kerala Legislative Assembly